പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ.4336

21.03.2018-ൽ മറുപടിക്ക്

## കൊല്ലം ജില്ലാ ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് ഒഴിവുകൾ

ചോദ്യം
ശ്രീ.പി.സി. ജോർജ്

ഉത്തരം
പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടും മൂന്നുമാസം മാത്രം കാലാവധി ബാക്കിയുള്ള കൊല്ലം ജില്ലാ ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് ലിസ്റ്റിൽ നിന്നും അഡ്വൈസ് മെമ്മോ നടപടികൾ ജില്ലാ പി.എസ്.സി. ഓഫീസ് സ്വീകരിക്കാതിരിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | വിവിധ വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് തസ്തികയുടെ റാങ്ക് പട്ടികയിൽ നിന്നും 09.03.2018 വരെ ലഭ്യമായ എല്ലാ ഒഴിവുകളിലേയ്ക്കും പി.എസ്.സി നിയമന ശിപാർശ നൽകിയിട്ടുണ്ട്. റിപ്പോർട്ട് ചെയ്യു ശേഷിക്കുന്ന ഒഴിവുകളിലേക്കും ഉടനടി പി.എസ്.സി നിയമന ശിപാർശ നൽകുന്നതാണ്. |
| (ബി) | റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ ഉദ്യോഗാർത്ഥികൾക്ക് അടിയന്തരമായി അഡ്വൈസ് മെമ്മോ അയ്ക്കാൻ നടപടി സ്വീകരിക്കുമോ; | | |
| (സി) | കൊല്ലം പി.എസ്.സി. ഓഫീസിലെ ജീവനക്കാർ ഉദ്യോഗാർത്ഥികളുടെ അന്വേഷണങ്ങൾക്ക് നല്ല രീതിയിലല്ല മറുപടി നൽകുന്നതെന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (സി) യും (ഡി) യും | കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ആസ്ഥാന/മേഖലാ/ജില്ലാ ആഫീസുകളിൽ അന്വേഷണ സംവിധാനം പ്രവർത്തിച്ചു വരുന്നു. ഉദ്യോഗാർത്ഥികൾ ഉന്നയിക്കുന്ന സംശയങ്ങൾക്ക് നിയമപരമായി നൽകാൻ കഴിയുന്ന വ്യക്തമായ വിവരങ്ങൾ ടി വിഭാഗത്തിൽ നിന്നും നൽകി വരുന്നുണ്ട്. കൊല്ലം ജില്ലാ പി.എസ്.സി ഓഫീസിലെ ജീവനക്കാർ ഉദ്യോഗാർത്ഥികളോട് നല്ല രീതിയിൽ പെരുമാറുന്നില്ല എന്നത് സംബന്ധിച്ച് പരാതികൾ ഒന്നും തന്നെ ലഭിച്ചിട്ടില്ലെന്ന് പി.എസ്.സി അറിയിച്ചിട്ടുണ്ട്. |
| (ഡി) | ഇതിനെക്കുറിച്ച് അന്വേഷണം നടത്തി നീതി നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ